# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെച്ചൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.6/1815/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെച്ചൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.6/1815/2023 തീയ്യതി: 14/12/2023

## കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി.സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 26-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 26-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഇന്ദുലേഖ.എ, ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ്.പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി.സജിമോൾ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അമ്പിളി.യു, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ആർ.ഷൈലകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വി.എൻ.രജിമോൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുധീന്ദ്രബാബു.പി.എസ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.കണ്ണൻ.പി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു.കെ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ജി.ഐ.സ്വപ്ന | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 29-05-2022 |
| ഡോ.ഷാഹുൽ.കെ.ബി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 30-05-2022 | 31-03-2023 |
| ഡോ.നിമ്മി.എ.ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സാനിയ.വി.ജയിംസ് | കൃഷി ഓഫീസർ, | 01-04-2022 | 31-03-2023 |
| ഡോ.വി.എസ്സ്.ജയ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയറാണി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| ശ്രീ.ക്രിസ്റ്റി ജോൺഡേവിഡ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീമതി.ആശ ശ്രീധരൻ | വി.ഇ.ഒ,ഇടയാഴം | 01-04-2022 | 31-03-2023 |
| ശ്രീമതി രമ്യ ആർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സുനിൽ.എ.വി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ശ്രീ. അരുൺ കുമാർ | വി.ഇ.ഒ., കുടവെച്ചൂർ | 01-04-2022 | 24-04-2022 |
| ശ്രീമതി.ആശ ശ്രീധരൻ | വി.ഇ.ഒ., കുടവെച്ചൂർ (ഇൻ ചാർജ്) | 25-04-2022 | 07-06-2022 |
| ശ്രീമതി.സുമിതമോൾ പി.എസ് | വി.ഇ.ഒ., കുടവെച്ചൂർ | 08-06-2022 | 06-07-2022 |
| ശ്രീമതി.സൂര്യ.കെ.എസ് | വി.ഇ.ഒ., കുടവെച്ചൂർ | 07-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | Prior Period ആയി ക്രമീകരിച്ച വരവ്-ചെലവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-7 |
| 9 | ബജറ്റ്-വിശകലനം | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന. | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | അക്വ സെറീൻ പ്രൈവറ്റ് ലിമിറ്റഡ് ബാർ ഹോട്ടലിന്റെ നികുതി കുടിശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല . | 1-11 |
| 19 | സ്ഥാപനനികുതി, തൊഴിൽ നികുതി അടവാക്കിയില്ല. | 1-12 |
| 20 | പെട്രോൾ പമ്പ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 21 | വിവിധ സ്ഥാപനങ്ങൾ ,ലൈസൻസ് റഗുലേറ്ററി ചട്ടങ്ങൾ പാലിക്കുന്നില്ല. | 1-14 |
| 22 | കമ്യൂണിറ്റി ഹാൾ- വരുമാനദായകമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല | 1-15 |
| 23 | വിഭവ സമാഹരണം. | 1-16 |
| 24 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷനിൽ നിന്നും തുക റീ ക്ലപ്പ് ചെയ്തിട്ടില്ല | 1-17 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ. | 1-18 |
| 26 | ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 27 | ബാലസഭ പ്രവർത്തനം - ശാസ്ത്രസേന രൂപികരണം | 1-20 |
| 28 | വെറ്റനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ- സ്ഥാപനത്തിന് നൽകിയ തുക സർക്കാരിലേക്ക് തിരിച്ചെടുത്തു. | 1-21 |
| 29 | PMGSY റോഡ് നിർമ്മാണം - തുക തിരിച്ചടച്ചിലൽ. | 1-22 |
| 30 | സ്മാർട്ട് ഗാർബേജ് ആപ്പ് - തുടർ വിവരങ്ങൾ ലഭ്യമായില്ല. | 1-23 |
| 31 | പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-24 |
| 32 | അഗതിരഹിത കേരളം പ്രോജക്ട് -മന്ദഗതിയിൽ | 1-25 |
| 33 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ - പണി പൂർത്തിയാക്കിയിട്ടില്ല. | 1-26 |
| 34 | കിണർ ശുചിത്വകിണറാക്കൽ - വിശദമായ മൂല്യനിർണ്ണയമില്ല. | 1-27 |
| 35 | ലൈഫ് ഭവന പദ്ധതി - പൂർത്തിയാക്കാത്തവർ. | 1-28 |
| 36 | മരുന്ന് വാങ്ങൽ പ്രോജക്ട്- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-29 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 1-30 |
| 38 | വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല. | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ. | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ തുക ഈടാക്കിയ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെച്ചൂർ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.06.2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെച്ചൂർ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

-

## 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101)

നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-4 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല

2022-23 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 67.10 ലക്ഷം രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

1-1-7 Prior Period ആയി ക്രമീകരിച്ച വരവ്-ചെലവുകളുടെ ആധികാരികത വ്യക്തമല്ല

മുൻവർഷ ചെലവായി ക്രമീകരിക്കപ്പെട്ട 1,44,08,40/- രൂപയുടെയും മുൻവർഷ വരവായി ക്രമീകരിച്ച 84,793/- രൂപയുടെയും ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2023ലെ 1/1-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 13.03.2023 -ലെ 1/1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 12,31,674 | 12,31,674 |
| വരവ് | 19,26,48,000 | 205703472 |
| ആകെ | 19,38,79,674 | 206935146 |
| ചെലവ് | 19,24,89,000 | 201729672 |
| നീക്കിയിരിപ്പ് | 13,90,674 | 5205474 |

ബജറ്റ് പ്രകാരം 20.5 കോടി രൂപ വരവും 20.17 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.77 കോടി രൂപയും ചെലവ് 14.13 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 3851728 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 30627248 |
| ആകെ | 34478976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 27618815 |
| നീക്കിയിരിപ്പ് (31/03/2023) | 6860161 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 137772291 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 141330131 |
| പ്രവർത്തന നഷ്ടം | 3557840 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1356047 |
| അറ്റ പ്രവർത്തന നഷ്ടം | 4913887 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ------ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1704444 |

## 1-4 ഗ്രാന്റ് വിനിയോഗം

വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 15647000 | 15647000 | 14222649 | 1424351 | 91 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ | | | | | | |
| വികസന ഫണ്ട്-SCP | 0 | 5200000 | 5200000 | 4605000 | 595000 | 89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 80853 | 2812912 | @ 3000236 | 2583307 | 416929 | 87 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 577723 | 4322719 | *4900442 | 2432146 | 2468296 | 50 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 8666000 | 8666000 | 6525375 | 2140625 | 76 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4614000 | 4614000 | 4402884 | 211116 | 95 |
| National Health Mission(NHM) ഫണ്ട് Diagnostic Purposes& Infrastructure Development | --- | 195989 | 195989 | 127054 | 68935 | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 0 | 363803 | 363803 | 276119 | 87684 | |
| ഐ.സി.ഡി.എസ് | 508669 | 699974 | 1208643 | 193755 | 1014888 | |
| ശുചിത്വമിഷൻ | 450194 | 561227 | 1011421 | 595328 | 416093 | |
| സമ്പൂർണ്ണശുചിത്വം | 601763 | -- | 601763 | - | 601763 | |

@ ധനകാര്യകമ്മീഷൻഗ്രാന്റ്-Untied- മുന്നിരിപ്പ് 80853, പലിശ (106471 ട്രഷറി വരവ് (91912) ,ബാങ്കിലെ വരവ് (1360500, 1360500)എന്നിവ ഉൾപ്പെടെ ആണ്. @ ചെലവ് കിഴിവ് ശേഷിക്കുന്ന 416929 രൂപയിൽ 241928 രൂപ ബാങ്കിൽ ബാലൻസുണ്ട്.

*ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ്(577723), ബാങ്കിലെ വരവ്(2040500, 2040500)ട്രഷറി വരവ്(241719) എന്നിവ ഉൾപ്പെടെ ആണ്. 2649802/- രൂപ ബാങ്കിൽ ശേഷിയ്ക്കുന്നു.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ( 2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06.03.2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു | 8.12.2021...2(1) |
| ആസൂത്രണസമിതിയോഗം | 01.01.2022 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 06.01.2022 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 09.01.2022-12.01.2022 |
| ഊരുകൂട്ടയോഗം | 13.12.2021 |
| വികസനസെമിനാർ | 29.06.2022 |
| വികലാംഗഗ്രാമസഭ | 10.06.2022 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 01.07.2022 1(1) |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3923081 | 3857556 | 98 |
| വെറ്ററിനറി സർജൻ | 4 | 4 | 872000 | 853684 | 98 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 6 | 1370283 | 1247529 | 91 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 930000 | 930000 | 100 |
| വി.ഇ.ഒ I | 18 | 18 | 3832089 | 2882572 | 76 |
| വി.ഇ.ഒ II | 9 | 7 | 34151983 | 9039970 | 27 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 10 | 10 | 2932920 | 2711380 | 93 |
| സെക്രട്ടറി | 39 | 29 | 12010455 | 8078918 | 67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 30 | 18177178 | 11509499 | 63 |
| ഡയറി ഫാം | 1 | 1 | 700000 | 700000 | 100 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്ട്രക്ടർ | | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 526484 | 506484 | 97 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 625287 | 625287 | 100 |
| ആകെ | 147 | 122 | 80351760 | 43242879 | 54 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 12 നിർവ്വഹണോദ്യോഗസ്ഥരാണ്. 80351760/- രൂപ അടങ്കൽ നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി തൻവർഷം 43242879/- രൂപയാണ് ചെലവഴിക്കാനായത്. അസി.എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 43 പ്രോജക്ടുകളിൽ 30 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത് . അസി.എഞ്ചിനീയർക്ക് 1.15 കോടി രൂപ അനുവദിച്ച റോഡ് ഫണ്ടിൽ 21.40 ലക്ഷം ലാപ്സായി. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമായിരുന്നു. സ്ഥിര പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക്കുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം. ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരംഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃത്തിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുക, സാമൂഹ്യനീതിയും ലിംഗ സമത്വവും ഉറപ്പാക്കുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. കുട്ടികളുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുന്നതിനും ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് വരുന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. ബാലസഭയുമായി ബന്ധപ്പെടുത്തി ശാസ്ത്രസേനയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട് വരുന്ന വയോജന (വയോമിത്രം പ്രോജക്ട്) ഭിന്നശേഷി സൗഹൃദമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനവൽകരിക്കുന്നതിനും വരുന്ന പദ്ധതിയിലൂടെ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ രക്തബാങ്ക് ഡാറ്റാ തയ്യാറാക്കൽ (പതിമൂന്ന് വാർഡിലേയും താമസക്കാരുടെ ബ്ലഡ് ഗ്രൂപ്പ് തിരിച്ചറിഞ്ഞ് ഡാറ്റാ രജിസ്റ്റർ തയ്യാറാക്കൽ) മാതൃകാപ്രോജക്ട് ആയിരുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമീണ പാതകൾ മെച്ചപ്പെട്ട രീതിയിൽ

സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.
സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 43.71 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 15647000 | 14222649 | 1424351 |
| വികസന ഫണ്ട്-എസ്.സി.പി. | 5200000 | 4605000 | 595000 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 8666000 | 6525375 | 2140625 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4614000 | 4402884 | 211116 |
| | | | 4371092 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 3514പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 348 പ്രോജക്ടുകളിൽ 348 എണ്ണം തൻവർഷം നടപ്പിലാക്കി. 146078 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2201 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 213 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ജലസ്രോതസുകളുടെ പുനരുദ്ധാരണം, പൊതുതോട്, വാചാൽ പുനരുദ്ധാരണം, ഭൂവികസനം, റോഡ് നിർമ്മാണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്ക് വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 9247 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 48030000 | |
| | ക്യാഷ് വരവ് | 328398 | |
| | ആകെ വരവ് | 48358398 | |
| ആകെ വരവ് | | | 48367645 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 45511000 | |
| | വിദഗ്ധതൊഴിലാളികളുടെ വേതനം | 684000 | |

| | | | |
|---|---|---|---|
| | സാധന വില | 1835000 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 324324 | |
| ആകെ ചെലവ് | | | 48354324 |
| നീക്കിയിരിപ്പ് | | | 13321 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ----- | --- |
| വാർദ്ധക്യകാലപെൻഷൻ | 14890500 | 1551 |
| കർഷകതൊഴിലാളി പെൻഷൻ | 7962400 | 690 |
| വിധവാപെൻഷൻ | 5660200 | 527 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 459200 | 431 |
| വികലാംഗപെൻഷൻ | 2619200 | 235 |
| വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2023 ന് 3.00 പി എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8185/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2021 | 04/2021 മുതൽ 06/2021 വരെ | ലഭ്യമല്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.08,2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)-2/8B-1357/356 തീയതി 23.03.2018 |

**1-11 അക്വ സെറീൻ പ്രൈവറ്റ് ലിമിറ്റഡ് ബാർ ഹോട്ടലിന്റെ നികുതി കുടിശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല .**

പഞ്ചായത്തിൽ 7ാം വാർഡിൽ ശ്രീ വി കെ രാജീവിന്റെ ഉടമസ്ഥതയിലുള്ള അക്വാസെറീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 180 മുതൽ 187 വരെയുള്ള എട്ട് കെട്ടിടങ്ങളിലായി ബാർ, 5 റിസോർട്ടുകൾ, രണ്ട് റെസ്റ്റോറന്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. എട്ട് കെട്ടിടങ്ങളുടെ (181 നമ്പർ കെട്ടിടത്തിന് 2019-20 മുതലും, ബാക്കി കെട്ടിടങ്ങളുടെ 2020-21 മുതലും) 2022-23 വരെയുള്ള നികുതി കുടിശിക 997579/-രൂപ കോവിഡ് കാലയളവിലെ വസ്തു നികുതിയിൽ ഇളവ് നൽകുന്നതിന് ടിയാൾ അപേക്ഷ നൽകിയിരുന്നു. 23.05.22 ലെ 8(1) നമ്പർ കമ്മറ്റിതീരുമാന പ്രകാരം പഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ കാലത്ത് എത്രനാൾ ടി കെട്ടിടം അടഞ്ഞുകിടന്നിരുന്നുവെന്ന് എക്സൈസ് ഓഫീസിൽനിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുവാനും നിർദ്ദേശിച്ചിരുന്നു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നും നികുതി കുടിശിക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-23/26.10.23) ലഭിച്ച മറുപടിയിൽ ലോക്ക്ഡൗൺ കാലയളവിലെ വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടില്ലെന്നും നികുതി 106049/- ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ശേഷിക്കുന്ന നികുതി കുടിശിക 891530/-രൂപ കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-12 സ്ഥാപനനികുതി, തൊഴിൽ നികുതി അടവാക്കിയില്ല.**

തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമനം | സ്ഥാപനം | അടക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എട്ടൊന്നിൽ ഫൈനാൻസ് | 2 |
| 2 | ഹോട്ടൽ കുമരകം ഹെറിറ്റേജ് | 2 |
| 3 | ബി എസ് എൻ എൽ, വെച്ചൂർ | 1,2 |
| 4 | മട്ടയ്ക്കൽ സൂപ്പർ മാർക്കറ്റ് | 1,2 |
| 5 | പ്രകൃതി സൂപ്പർ മാർക്കറ്റ് | 1,2 |
| 6 | പുരയ്ക്കൽ ഹോണ്ട, ബണ്ട് റോഡ് | 1,2 |
| 7 | കുമരകം ഇൻഡ്യൻ സർവീസസ്സ് | 1,2 |

| | | |
|---|---|---|
| 8 | കുടുബശ്രീ വെച്ചൂർ | 1,2 |
| 9 | ഇടയാഴം ഫ്യൂവൽസ് | 1,2 |
| 10 | കനിഷ്ക ജൂവലറി | 1,2 |
| 11 | വല്ലാചിറ ഏജൻസീസ് | 1,2 |
| 12 | ആകാശ് ഹോളോബ്രിക്സ് | 1,2 |
| 13 | കാവേരി ഫൈനാൻസ് | 1,2 |
| 14 | മുളമൂട്ടി ഫൈനാൻസ് | 1,2 |
| 15 | സോപാനം ഫൈനാൻസ് | 1,2 |
| 16 | ഗോഗുലം ഫൈനാൻസ് | 1,2 |
| 17 | പുളിമൂട്ടിൽ ഫൈനാൻസ് | 1,2 |
| 18 | T S NO-9, 11, | 1,2 |

സ്ഥാപന തൊഴിൽ നികുതി

| ക്രമനം | സ്ഥാപനം |
|---|---|
| 1 | വെച്ചൂർ സർവീസ് സഹകരണ ബാങ്ക്- 813 |
| 2 | കേരള ബാങ്ക്, അംബികാമാർക്കറ്റ് |
| 3 | മുളമൂട്ടിൽ ഫൈനാൻസ് |
| 4 | സോപാനം ഫൈനാൻസ് |
| 5 | ഗോകുലം ഫൈനാൻസ് |
| 6 | പുളിമൂട്ടിൽ ഫൈനാൻസ് |
| 7 | കണ്ണാട്ട് ഫൈനാൻസ് |
| 8 | കാവേരി ഫൈനാൻസ് |
| 9 | എട്ടൊന്നിൽ ഫൈനാൻസ് |

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-22/25.10.23) ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായില്ല. പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-13 പെട്രോൾ പമ്പ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഭാരത് പെട്രോളിയത്തിന്റെ ഏജൻസിയിലുള്ള കുവനാൽ ഫ്യൂവൽസ് ഗ്രാമപഞ്ചായത്ത് ഓഫീസിന് (വാർഡ്-9) സമീപം പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-27/26.10,23) ലഭിച്ച മറുപടിയിൽ സ്ഥല പരിശോധനയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ

പാലിച്ചിട്ടില്ലാത്തതിനാൽ നമ്പർ നൽകിയിട്ടില്ലെന്നും അപാകതകൾ പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വിവിധ സ്ഥാപനങ്ങൾ ,ലൈസൻസ് റഗുലേറ്ററി ചട്ടങ്ങൾ പാലിക്കുന്നില്ല.

ലൈസൻസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വിവിധ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും/എടുക്കുന്നതിനും അപേക്ഷയും അനുബന്ധരേഖകളും പഞ്ചായത്തിൽ നൽകിയിട്ടുണ്ടെങ്കിലും ഫീസ് അടവാക്കിയിട്ടില്ലാത്തതിനാലും, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ സഞ്ചയയിൽ മാറ്റം വരുത്താതിനാലും, നികുതി കുടിശ്ശിക ഉള്ളതിനാലും ലൈസൻസ് പുതുക്കിനൽകിയില്ല. സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ.

| ക്രമ നം | വ്യക്തിയുടെ പേര് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ബിനീഷ്, കുന്നേൽവീട് | പച്ചക്കറി, പലചരക്ക് വ്യാപാരം 12/175b | ഫീസ് അടവാക്കിയിട്ടില്ല. |
| 2 | ഷൈജു എം ആർ മാളികയിൽ | ഇലക്ട്രിക്കൽ & പ്ലംബിംഗ് 11/3 | ലൈസൈൻസ് റദ്ദാക്കി |
| 3 | സുനിൽകുമാർ പി വി, പുല്ലം പറമ്പിൽ | ഫാൻസി ഫുട്വെയർ 8/285 | ഫീസ് അടവാക്കിയിട്ടില്ല. |
| 4 | അനിൽകുമാർ വട്ടപറമ്പ് | സോഡ വിൽപ്പന 11/116 | കെട്ടിട നമ്പർ ഇല്ല |
| 5 | ശ്യാംലാൽ എസ് ശ്യാംഭവൻ | ഫുട്ട് വെയർ വ്യാപാരം,12 | ഫീസ് അടവാക്കിയിട്ടില്ല. |
| 6 | ബാബു കെ എസ് കാട്ടിപറമ്പിൽ | തുന്നൽകട 5/369 | ഫീസ് അടവാക്കുന്നതിന് കത്ത് നൽകി |
| 7 | കൃഷ്ണൻ പി മാനേജിംഗ്ട്രസ്റ്റി | സ്പെഷ്യൽ സ്കൂൾ 2/297 A | നിരസിച്ച് കത്ത് നൽകി |
| 8 | ജോതിജോൺ തെക്കേആട്ടയിൽ | വളം, കീടനാശിനി, 3/337 | ഫീസ് അടവാക്കുന്നതിന് കത്ത് നൽകി |
| 9 | സ്മിതമനോജ് കൈതത്തറ | വസ്ത്രവ്യാപാരം, 12, 67A2 | ഫീസ് അടവാക്കുന്നതിന് കത്ത് നൽകി |
| 10 | ടോംതോമസ് കടമാട്ട് തറ | ചായക്കട 8/392 (പാർപ്പിടം) | ഫീസ് അടവാക്കുന്നതിന് കത്ത് നൽകി |

| | | | |
|---|---|---|---|
| 11 | മഞ്ജുരാജ് പി ഹരിപരസദനം | മെഡിക്കൽ ലാബ്, 6/339C | കെട്ടിടത്തിന്റെ നമ്പറിൽ അപാകതയുള്ളതിനാൽ നിരസിച്ച് തീർപ്പാക്കി. |
| 12 | സൈമൺസേവ്യർ ചക്കാലയക്കൽ | അപ്ഹോൾസ്റ്ററി വർക്കസ് 11/118 കെട്ടിടത്തിന്റെ ഉപയോഗ ക്രമം വിദ്യാഭ്യാസം | ഉപയോഗക്രമം കൃത്യമല്ല. |
| 13 | സച്ചിതാനന്ദ പണിക്കർ അമരം കണ്ണം പള്ളിൽ | ഇലക്ട്രോണിക്സ് സർവീസ് 9/3 | കെട്ടിടം വാസഗൃഹം) |
| 14 | തോമസ് പി ജെ | ഹോംസ്റ്റേ നടത്തിപ്പ് 13/299 | (കെട്ടിടം വാസഗൃഹം) |
| 15 | ജയന്തി കെ ജയൻ സുരേഷ് ഭവൻ | 9/379A കാർഷിക നേഴ്സറി | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 16 | ശാസ്തകുമാർബാലകൃഷ്ണപിള്ള | 4/340B ടൂറിസം പ്രൊമോഷൻ ഓഫീസ് | പാർപ്പിടാവശ്യം |
| 17 | പൊന്നപ്പൻ കണ്ടത്തിപറമ്പിൽ | 7/164A ചെരിപ്പ് കട | കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 18 | സെക്രട്ടറി,വെച്ചൂർ ക്കാസഹകരണ സംഘം | കക്കച്ചൂള | കാരണം രേഖപ്പെടുത്തിയിട്ടില്ല. |

2.അക്വ സെറീൻ പ്രൈവറ്റ് ലിമിറ്റഡ് ബാർ ഹോട്ടലിന്റെ ലൈസൻസ് പുതുക്കിനൽകിയിട്ടില്ല.

| ഉടമസ്ഥൻ | സ്ഥാപനം |
|---|---|
| വി കെ രാജീവ് | അക്വ സെറീൻ പ്രൈവറ്റ്ലിമിറ്റഡ് ബാർ ഹോട്ടൽ |
| 7/180 | ബാർ (നികുതികുടിശികയുള്ളതിനാൽ) |
| 181,182,183,184,185 | റിസോർട്ട് (നികുതികുടിശികയുള്ളതിനാൽ) |
| 186 | റെസ്റ്റോറന്റ് (നികുതികുടിശികയുള്ളതിനാൽ) |

3. ജിംനേഷ്യം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

| ക്രമനം | സ്ഥാപനം | |
|---|---|---|
| 1 | വിഷ്ണു ടെൻസ് പുത്തൻ വാടയിൽ,അംബികാമാർക്കറ്റ്(വാർഡ്-9) | ഫിറ്റനസ്സ് സെന്റർ |

| | | |
|---|---|---|
| 2 | അജയഘോഷ്,ചിറക്കടവിൽ, വെച്ചൂർ (368/A) | ജിംനേഷ്യം |

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കാതെ/എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-24/25.10.23) മറുപടി ലഭിച്ചില്ല. വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധവും ലൈസൻസ് ഫീസിനത്തിലുള്ള വരുമാന നഷ്ടത്തിനും ഇടയാക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം7, 10 പ്രകാരം ലൈസൻസ് എടുക്കേണ്ടതാണ്. ഫീൽഡ് തല പരിശോധന നടത്തി വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ചട്ടങ്ങൾ പാലിക്കാതെയും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 കമ്യൂണിറ്റി ഹാൾ- വരുമാനദായകമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല

വെച്ചൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ കമ്യൂണിറ്റി ഹാൾ വിശാലമായ സൗകര്യങ്ങളോടെ പണികഴിപ്പിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെ പൊതു പരിപാടികൾക്കായി വിട്ടു നല്കുന്നതിന് സാധിച്ചിട്ടില്ല. ആവശ്യത്തിന് ഫർണ്ണിച്ചർ ലഭ്യമാക്കിയിട്ടുണ്ട് എങ്കിലും ശുദ്ധജല ലഭ്യത ഇല്ലാത്തതിനാൽ പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് ഈ സ്ഥാപനത്തിന്റെ പ്രയോജനം ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിലാണ് ഇവിടേക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചത്. ആയതിന് അപേക്ഷാ ഫീസ്, എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റിനങ്ങൾ എന്നിവ ചേർത്ത് 10517/ രൂപയുടെ(പതിനായിരത്തി അഞ്ഞൂറ്റി പതിനേഴ് രൂപ മാത്രം) ഡിമാൻഡ് നോട്ടീസ് വാട്ടർ അതോറിട്ടി നൽകിയതു പ്രകാരം തുക അടവാക്കി. എന്നാൽ വാട്ടർ കണക്ഷൻ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽപടി ഹാൾ നവീകരിക്കുന്നതിനും, ആയതുമായ ബന്ധപ്പെട്ട ആവർത്തന ചെലവുകൾ ഭാവിയിൽ പഞ്ചായത്തിന് ബാദ്ധ്യത വരാത്തവണ്ണം കൈകാര്യം ചെയ്യുന്നതിനും, ചെറിയൊരു തുക, പരിപാടികൾ നടത്തുമ്പോൾ വാടക ഇനത്തിൽ ഈടാക്കുന്നതിന് വേണ്ടി ഈ ഹാളിന്റെ ദൈനം ദിന മേൽനോട്ട ചുമതല പ്രദേശത്തെ ഉത്തരവാദപ്പെട്ടവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഒരു കമ്മറ്റിയെ ഏൽപിക്കുന്നതിനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ വൻതുക ചെലവഴിച്ച് മുൻ വർഷങ്ങളിൽ നിർമ്മിച്ച കമ്യൂണിറ്റി ഹാൾ താരതമ്യേന തനതുവരുമാനം കുറഞ്ഞ പഞ്ചായത്ത് നാളിതുവരെ വരുമാനദായകമാക്കുന്നതിനോ തദ്ദേശവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതിരിയ്ക്കാൻ അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-16 വിഭവ സമാഹരണം.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി വെച്ചൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളുടെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്.

1. 2022-23 വർഷം 100% വസ്തു നികുതി പിരിച്ചെടുക്കുകയും കുടിശികയുള്ളവർക്കെതിരെ തുക പിരിച്ചെടുക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) നം.77/2023 /എൽ.എസ്.ജി.ഡി തീ.22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ്പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് 25.04.23 ലെ 4(1), നമ്പർ പഞ്ചായത്ത് കമ്മിറ്റിതീരുമാന പ്രകാരം അംഗീകരിച്ചു. 1-4-23 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ പുതുക്കി 17.04.23 ലെ 5(1) നമ്പർ തീരുമാന പ്രകാരം വിജ്ഞാപനം ചെയ്യുകയും പ്രസ്തുത കരട് വിജ്ഞാപനം ഭേദഗതികളോടെ 21.09.23 ലെ 3(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം അംഗീകരിച്ച് ദിനപത്രത്തിൽവിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. നികുതി പിരിവ് പുരോഗതി പഞ്ചായത്ത് ഭരണ സമതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അവലോകനം ചെയ്യാറുണ്ട്.

2. 2022 ൽ നടത്തിയ അദാലത്തിൽ പഞ്ചായത്ത് പരിധിയിലുള്ള 352 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും/ട്രെഡേഴ്സിന്റെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കിയാൽ തനത് വരുമാനം സ്രോതസ് പൂർണ്ണമായും ലഭിക്കുന്നതിന് സാധിക്കും.

3. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ ഡോക്ടർമാർ റേഷൻ വ്യാപാരികൾ എന്നിവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ ഡേറ്റാ ബേസ് പ്രകാരം തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെങ്കിലും കോൺട്രാക്ടർമാർ, ബിൽഡിംഗ് എഞ്ജിനീയർമാർ, സൂപ്പർവൈസർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ പ്രൊഫഷണലുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ഡാറ്റാ ബാങ്ക് തയ്യാറാക്കി തൊഴിൽ നികുതിയും പൂർണ്ണമായും പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും.

4.വെച്ചൂർ ഗ്രാമപഞ്ചായത്ത് പൂർണ്ണമായും കാർഷിക മേഖല ഉൾപ്പെടുന്നതും വെള്ളത്താൽ ചുറ്റപ്പെട്ടതുമായ പഞ്ചായത്താണ്. കാർഷിക മേഖല ആയതിനാൽ തനതുവരുമാന സ്രോതസുകൾ വർദ്ധിപ്പിക്കുന്നതിന് അധിക നിർദ്ദേശങ്ങൾ ഇല്ല. ലേലം, വാടക ഇനങ്ങളിൽ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ല. ടൂറിസം മേഖലയിൽ നിന്ന് വരുമാനം വർദ്ധപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടങ്കിലും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടില്ല. ഉത്തരവാദിത്വ ടൂറിസത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷനിൽ നിന്നും തുക റീ ക്ലൂപ്പ് ചെയ്തിട്ടില്ല

| വൗച്ചർ നം.& തീയതി | തുക |
| --- | --- |

| | |
|---|---|
| 22200012/21.03.2022 | 1,30,000/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ(സാധാ)നം.1346/2022/LSGD -ാം നമ്പർ ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക 30,000/- രൂപയാണ്. (ശുചിത്വ മിഷൻ വിഹിതം 10000, എൻ.എച്ച്.എം വിഹിതം 10000, തനത് ഫണ്ട് 10,000/-). ശുചിത്വ മിഷനിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുക വാർഡ് ഒന്നിന് 10,000/-രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ടി തുക കിട്ടുന്ന മുറയ്ക്ക് തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതിനും (Sc1-3776/2022 തീയതി.18.04.22-ാം നമ്പർ നടപടി ക്രമങ്ങൾ പ്രകാരം) വെച്ചൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും കൂടി 1,30,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും മേൽ തുക റീ ക്ലെയിം ചെയ്ത് തനതു ഫണ്ടിൽ വരവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 26.10.23-ലെ 28-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭിച്ച മറുപടിയിൽ മുൻകൂർ നൽകിയ ശുചിത്വമിഷൻ ഫണ്ടായ 1,30,000/- രൂപയിൽ 1,25,000/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ തുക റീ ക്ലെയിം ചെയ്തിട്ടില്ല എന്ന് അറിയിച്ചു. മേൽ തുക റീ ക്ലെയിം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ 13-ാം വാർഡിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 5000/- രൂപ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 90/23 |
| ചെലവ് , ഫണ്ടിനം | 216600/-<br>റോഡിതരസംരക്ഷണഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 63/7.2.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 223 പൊതുടാപ്പുകളിൽ 9 എണ്ണം മാത്രം നിലനിർത്തി ബാക്കി 214 എണ്ണം കട്ട് ചെയ്യാൻ 12.10.22 ലെ 1(5) നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 216600/- രൂപ അടക്കുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാട്ടർ അതോറിറ്റിയുമായുള്ള കരാർ (നമ്പർ 5/23 Dt 25.3.23) വ്യവസ്ഥ 7 പ്രകാരം പണിപൂർത്തിയാക്കി 7 ദിവസത്തിനുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പൂർത്തീകരണ സർട്ടിഫിക്കറ്റും വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ആയത് നൽകിയിട്ടില്ല.

2) പൊതുടാപ്പുകളിൽ 214 എണ്ണം കട്ട് ചെയ്യാൻ തുക അടവാക്കിയതിനുശേഷം 18.4.23 ലെ കമ്മറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം 6 ടാപ്പുകൾ പുന:സ്ഥാപിക്കാനും 3 എണ്ണം പുതിയത് സ്ഥാപിക്കാനും 7 എണ്ണം നിലനിർത്താനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നിലവിൽ അധിക തുകയാണ് അടവാക്കിയിരിക്കുന്നത്. കമ്മറ്റിയിൽ തീരുമാനിച്ചതിൽ കൂടുതൽ ടാപ്പുകൾ വാട്ടർ അതോറിറ്റി കട്ട് ചെയതു എന്ന കാരണത്താലാണ് കമ്മിറ്റി തീരുമാനം റിവൈസ് ചെയ്തത്.

പ്രോജക്ടിന്റെ നിലവിലെ സ്റ്റേജ് അറിയിക്കാനും അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി (നമ്പർ 1/ 17.10.23) നൽകുകയുണ്ടായി. 18.4.23 ലെ കമ്മറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം പുന:സ്ഥാപിച്ച പൊതുടാപ്പുകളുടേതുൾപ്പെടെ ആകെ 159051/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം വാട്ടർഅതോറിറ്റിയിൽ നിന്ന് ലഭ്യമായത് ഓഡിറ്റിന് ഹാജരാക്കി. അവശേഷിക്കുന്ന 47822/-രൂപ തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല

സ.ഉ(അച്ചടി)നം. 87/2017തസ്വഭവ തീയതി 1.11.17 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2.5 ലക്ഷത്തിന് മുകളിൽ അടങ്കൽ വരുന്ന വാങ്ങലുകളുടെ ബിൽ തുക നൽകുന്നതിൽ നിന്നും 2% GST(TDS) കുറവ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചുവടെ ചേർത്ത പ്രോജക്ട് ചെലവിൽ നിന്നും 2% GST ഈടാക്കിയതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം ,പ്രോജക്ട് | 53/23വയോജനങ്ങൾക്ക് കട്ടിൽ -ജനറൽ(AASH Furniture Mart, Edayazham) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| വകയിരുത്തൽ | 459820/-(plan Fund) |
| ചെലവ് | 459820/-(plan Fund) 250/15.03.2023 |

ജി.എസ്.ടി ഈടാക്കാതെ ബിൽ തുക നൽകാൻ നിയമ വ്യവസ്ഥ ഇല്ല. പട്ടിക പ്രകാരം ജി.എസ്.ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത മേൽ വാങ്ങലുകളിൽ സപ്ലെയർ ജി.എസ്.ടി റിട്ടേൺ അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഇവരുടെ ജി.എസ്.ടി റിട്ടേൺ (AASH Furniture Mart, Edayazham)ഫയൽ ചെയ്ത മാസത്തെ ഇൻവോയിസ് വൈസ് ഡീറ്റേൽസ് ഉള്ള ജി.എസ്.ടിആർ-1 റിട്ടേൺ ഫോം ലഭ്യമാക്കി പകർപ്പ് ഫയലിൽ ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി സോഴ്സിൽ നിന്നും ഡിഡക്റ്റ് ചെയ്യാതെ ബിൽ തുക സപ്ലെയർക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിറ്ററിംഗ് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും 2 % ജി എസ് ടി (9197/- രൂപ) സ്രോതസ്സിൽ കുറവ് വരുത്തിയതിന്റെ അഥവാ 18% ജി എസ് ടി സ്ഥാപനം സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/19.10.2023) അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്. ഖണ്ഡികയിലെ പരാമർശത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 ബാലസഭ പ്രവർത്തനം - ശാസ്ത്രസേന രൂപികരണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് | (75/23) ബാലസഭ പ്രവർത്തനം |
| ചെലവ് | 75000/- (പ്ലാൻഫണ്ട്) |
| ബിൽനം- | 4/22-23/7.02.23, 8/22-23 /24.02.23,<br>7/22-23/23.02.23, 6/22-23 /23.02.23,<br>11/22-23/21.03.23, 12/22-23 /22.03.23 |

പഞ്ചായത്തിൽ തൻവർഷം ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന തല നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് തയ്യാറാക്കണം എന്ന് സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം-115/2022/തസ്വഭവ,തീയതി 28.05.22 ഖണ്ഡിക 7.7.10 ൽ പരാമർശിച്ചിട്ടുണ്ട്. കുടുംബശ്രീയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ബാലസഭ സംഘടനാ സംവിധാനത്തിലൂടെ 5 നും 18നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുകയായിരുന്ന ബാലസഭ ബന്ധിത ശാസ്ത്രസേന രൂപീകരണം എന്ന പദ്ധതിയുടെ

ലക്ഷ്യം. ശാസ്ത്രസേനയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി മാനവരാശിക്ക് വെല്ലുവിളി നേരിടുന്ന മാലിന്യ സംസ്കരണം, ആഗോളതാപനം, മദ്യമയക്കുമരുന്ന് മാഫിയ പ്രവർത്തനങ്ങൾ, മീഡിയ ദുരുപയോഗം തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രസേനയുടെ പ്രവർത്തനങ്ങൾക്ക് തെരെഞ്ഞടുത്തു. പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ മൂന്ന് ഹയർസെക്കന്ററി/ഹൈസ്കൂളിൽ നിന്ന് ശാസ്ത്ര-സാമൂഹ്യശാസ്ത്ര-സന്നദ്ധ പ്രവർത്തനങ്ങളിൽ തൽപ്പരരായ 75 കുട്ടികളെ അദ്ധ്യാപകരുടെ സഹായത്തോടെ തെരെഞ്ഞെടുത്ത് പരിശീലനം നൽകി എൻ എസ് എസ് മാതൃകയിൽ ശാസ്ത്രസേന രൂപീകരിച്ചു. ശാസ്ത്രസേന പ്രവർത്തനത്തിലൂടെ കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കുകയും കാലിക പ്രസക്തമായ മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകി പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ രംഗത്ത് ഇവരുടെ പ്രവർത്തനം വിനിയോഗിച്ചു വരുകയും ചെയ്യുന്നു. തെരെഞ്ഞടുക്കപ്പെട്ട വാർഡുകളിൽ ശാസ്ത്രസേനയുടെ നേതൃത്വത്തിൽ മേൽ പരാമർശിച്ച വിഷയങ്ങളിൽ ക്ലാസുകളും കാമ്പയിനുകളും നടത്തിയതിന്റെ ഭാഗമായി അജൈവ മാലിന്യം സംസ്കരണ രംഗത്ത് പഞ്ചായത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. പ്രസ്തുത നേട്ടം മാധ്യമശ്രദ്ധയും പിടിച്ചുപറ്റിയിട്ടുണ്ട്.

1-21 വെറ്ററനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ- സ്ഥാപനത്തിന് നൽകിയ തുക സർക്കാരിലേക്ക് തിരിച്ചെടുത്തു.

| | |
|---|---|
| പ്രോജക്റ്റ് നം | 61/22-23 |
| പ്രോജക്ടിന്റെ പേര് | വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 200000/-, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് | 200000/-, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നം. | 08/2022-23 /27.01.23 |

വെറ്ററിനറി ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം പാലാ കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും ഇൻവോയ്സ് നം. 68123, തീ. 17.12.2022 പ്രകാരം 200000/- രൂപയുടെ മരുന്നുകൾ ലഭ്യമാകുകയും സ്റ്റോക്കിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് നൽകിയ 200000/- രൂ. ലഭ്യമായിട്ടില്ലെന്ന് പാലാ കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക് കത്ത് നൽകിയിട്ടുണ്ട്. ബാങ്കിന്റെ പേര് കൃത്യമായി നൽകാത്തതിനാൽ മേൽ തുക ക്രെഡിറ്റ് ആയില്ലെന്നും സർക്കാരിലേക്ക് തുക തിരികെ അടവാക്കിയിട്ടുണ്ടെന്നും വൈക്കം സബ് ട്രഷറിയിൽ നിന്നും കത്ത് ലഭിച്ചതായി കാണുന്നു. മരുന്ന് വാങ്ങിയിട്ടും സ്ഥാപനത്തിന് നിലവിലും തുക ലഭ്യമാകാത്തതിനും തുക നൽകാൻ സ്വീകരിച്ച നടപടികളും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-11/10.10.23) മറുപടി ലഭിച്ചില്ല. തുടർ നടപടികൾ സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കി ബാങ്കിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-22 PMGSY റോഡ് നിർമ്മാണം - തുക തിരിച്ചടച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 141/23 |
| ചെലവ് , ഫണ്ടിനം | 150000/- വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 64/4.2.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മറ്റം - അംബികാമാർക്കറ്റ് റോഡ് PMGSY പദ്ധതിയിലുൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിന് സോയിൽ ടെസ്റ്റ്, സൈറ്റ് സർവ്വേ എന്നിവയ്ക്കായി ജി.ഒ (എം.എസ്) 242/19 /ത.സ്വ.ഭ.വ തീയതി 4.2.19 പ്രകാരം 150000/- രൂപ എക്സി. എഞ്ചിനീയർ PMGSY ജില്ലാ പഞ്ചായത്ത് കോട്ടയത്തിന് നൽകിയിരുന്നു. എന്നാൽ പ്രവൃത്തിയുടെ ആകെ നീളത്തിന്റെ 25% മൺപ്രവൃത്തിയായതിനാൽ PMGSY-3 മാനദണ്ഡപ്രകാരം പ്രവൃത്തി ഏറ്റെടുക്കാനാവാത്തതിനാൽ ടി തുക തിരികെ ലഭ്യമായിട്ടുണ്ട് (രസീത് നമ്പർ 1230100420/G050105 തീയതി 8.6.23). ടി തുക റ്റി.എസ്.ബി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ആയത് തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 സ്മാർട്ട് ഗാർബേജ് ആപ്പ് - തുടർ വിവരങ്ങൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 97/23 |
| ചെലവ് , ഫണ്ടിനം | 204900/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 233/10.3.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ഇടയാഴം |

സ്മാർട്ട് ഗാർബേജ് ആപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം 204900/- രൂപ കെൽട്രോണിന് നൽകിയിരുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിനും എസ്.എം.എസ് ചാർജിനത്തിലുമായി 142900/- രൂപയും ലാപ് ടോപ്പ് വാങ്ങാൻ 50000/- രൂപയും ക്യൂ. ആർ കോഡ് പ്രിന്റിംഗ് ചാർജായി 12000/- രൂപയുമാണ് കെൽട്രോണിന് നൽകിയത്.

പ്രോജക്ടിന്റെ തുടർ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/18.10.23) നൽകുകയുണ്ടായി. കെൽട്രോൺ 6000/- ക്യൂ.ആർ കോഡുകൾ പഞ്ചായത്തിന് നൽകുകയും ഹരിതകർമ്മസേനാംഗങ്ങൾ വാർഡുകളിലെ ഓരോ വീടുകളിലും ക്യൂ.ആർ കോഡുകൾ ഒട്ടിക്കുകയും ചെയ്യുന്നു് മറുപടി ലഭ്യമാക്കി. നിലവിൽ വാർഡ് തലത്തിൽ സർവ്വീസിംഗ് നടന്ന് വരുന്നെന്നും മറുപടി ലഭിച്ചു. സ്മാർട്ട് ഗാർബേജ് ആപ്പ് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയതിനു ശേഷം വിവരം അറിയിക്കേണ്ടതാണ്. ആയതിലേക്കായി 204900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 94/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, കുടവെച്ചൂർ |
| അടങ്കൽ | 600000/- |
| ചെലവ് | 375000/- |

| | |
|---|---|
| ധനസ്രോതസ് | വികസനഫണ്ട് - എസ്.സി.പി |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം തൻ വർഷം 3 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | നാളിതുവരെ കൈപ്പറ്റിയ ആകെ ധനസഹായം | ബിൽ നമ്പർ , തീയതി |
|---|---|---|---|
| 1. | അഭിലാഷ് എം.എം | 100000/- 75000/- | 20/13.2.23 35/29.3.23 |
| 2. | വിനീത കെ.എസ് പുത്തൻചിറയിൽ | 50000/- 50000/- | 12/29.12.22 27/17.3.23 |
| 3. | ചന്ദ്രിക നെടുങ്കേരിച്ചിറ | 50000/- 50000/- | 16/17.1.23 27/17.1.23 |

അഭിലാഷ് എം.എം. എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കി. വിനീത കെ.എസ് പുത്തൻചിറയിൽ, ചന്ദ്രിക നെടുങ്കേരിച്ചിറ എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 20/25.10.23) നൽകിയതിന് രണ്ട് ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കിയശേഷം വിശദമായ വാല്യുവേഷൻ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 2 ഗുണഭോക്താക്കൾക്ക് നൽകിയ 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 അഗതിരഹിത കേരളം പ്രോജക്ട് -മന്ദഗതിയിൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 77/23 |
| ചെലവ് , ഫണ്ടിനം | 200000/- വികസനഫണ്ട് (ജനറൽ) |
| ബിൽ നമ്പർ, തീയതി | 01/22-23/07.10.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

അഗതി രഹിത കേരളം എന്ന പ്രോജക്ടിൽ 127 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. തൻവർഷം വികസനഫണ്ടിൽ നിന്നും 200000/- രൂപ പിൻവലിച്ച് അഗതി രഹിത കേരളത്തിന്റെ അക്കൗണ്ടിലേക്ക് (നമ്പർ 38291180781 ) നൽകിയിട്ടുണ്ട്. തൻ വർഷം പ്ലാൻഫണ്ടിൽ നിന്നും 86456/- രൂപ ചെലവഴിച്ച് ആഹാരസാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിനായ് ചലഞ്ച് ഫണ്ട് ലഭിച്ചതായും കാണുന്നില്ല. ചികിത്സാ സഹായത്തിനായി 18 ഗുണഭോക്താക്കൾക്ക് ലഭിച്ച 46000/-രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ഭവനനിർമ്മാണത്തിനും ഭവനപുനരുദ്ധാരണത്തിനുമായി 74 (36 +38) ഗുണഭോക്താക്കൾ നിലവിൽ ഉണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല. 2022-23, 2023-24 വർഷങ്ങളിലായി വികസന ഫണ്ടിൽ നിന്നും 400000/- നൽകിയിട്ടുണ്ട്. നിലവിൽ ടി അക്കൗണ്ടിൽ (06.10.23) 1686701/- രൂപ ബാലൻസുണ്ട്. വികസനഫണ്ട് വിഹിതം ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-13/19.10.23) ലഭിച്ച മറുപടിയിൽ ചികിത്സയ്ക്കായി ലഭിച്ച തുക പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റിയിടുന്നതിന് നടപടികൾ സ്വീകരിച്ച്

വരുന്നുഎന്നും പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ സ്ഥല സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ പലതും കൂട്ട് പ്രമാണമായതിനാൽ ധനസഹായം അനുവദിക്കാൻ പറ്റാത്ത സ്ഥിതിയാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പ്ലാൻഫണ്ട് മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അംഗീകരിക്കാവുന്നതല്ല. സാമൂഹികമായും സാമ്പത്തികമായും ക്ലേശം അനുഭവിക്കുന്ന ഗുണഭോക്തക്കൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് അഗതി രഹിതകേരളം പദ്ധതി. അഗതിരഹിതകേരളം പദ്ധതിയുടെ മാർഗ്ഗരേഖപാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 അതിദരിദ്രർക്ക് മൈക്രോപ്ളാൻ - പണി പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 109/23 |
| ചെലവ് , ഫണ്ടിനം | 150000/- (വികസനഫണ്ട് ജനറൽ)<br>50000/- (ബ്ളോക്ക് വിഹിതം) |
| ബിൽ നമ്പർ, തീയതി | 4/17.12.22 = 150000<br>7/16.3.23 = 50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ഇടയാഴം |

അതിദരിദ്രർക്ക് മൈക്രോ പ്ലാൻ എന്ന പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവ് | വാർഡ് | വാല്യുവേഷൻ | കൈപ്പറ്റിയ തുക |
|---|---|---|---|
| സിബി റ്റി.വി | 4 | 100000/- | 100000/- |
| പ്രഭാകരൻ കെ.പി, കട്ടമടത്തറ | 4 | ലഭ്യമല്ല | 50000/- |
| നടേശൻ, പുളിമൂട്ടിൽ | 11 | ലഭ്യമല്ല | 50000/- |

പ്രഭാകരൻ കെ.പി, നടേശൻ എന്നീ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/18.10.23) നൽകുകയുണ്ടായി. രണ്ട് ഗുണഭോക്താക്കളും മരിച്ച് പോയെന്നും കുടുംബത്തിൽ അർഹതയുള്ളവരില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇത് സംബന്ധിച്ച് ഉചിതമായ കമ്മറ്റിത്തീരുമാനം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 കിണർ ശുചിത്വകിണറാക്കൽ - വിശദമായ മൂല്യനിർണ്ണയമില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 5/23 |
| ചെലവ് , ഫണ്ടിനം | 69750/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 292/27.3.23 = 63350/-<br>372/31.3.23 = 6400/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ഇടയാഴം |

മേൽ പ്രോജക്ട് പ്രകാരം 19 ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് കിണർ ശുചിത്വകിണറാക്കിയതിന്റെ തുക ഓവർസിയറുടെ വാല്യുവേഷനനുസരിച്ച് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 115/2022 /ത.സ്വ.ഭ.വ തീയതി 28.5.22 ഖണ്ഡിക 6.6 (4) പ്രകാരം എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ വിശദമായ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തിയതിനനുസരിച്ച് ആനുകൂല്യം നൽകാമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ചെയ്ത വർക്കുകൾ എന്തെന്ന് രേഖപ്പെടുത്താതെയാണ്

വാല്യുവേഷൻ നടത്തിയിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/18.10.23) അപാകത ആവർത്തിക്കില്ല എന്ന് മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കുന്നു. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-28 ലൈഫ് ഭവന പദ്ധതി - പൂർത്തിയാക്കാത്തവർ.

ലൈഫ് ഭവന പദ്ധതി നിർവ്വഹണത്തിനായി തൻവർഷം ജനറൽ (പ്രോജക്ട് നമ്പർ 36/23) എസ്.സി (പ്രോജക്ട് നമ്പർ 37/23) വിഭാഗങ്ങൾക്കായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. ഫേസ് 2, 3 ഗുണഭോക്താക്കൾക്കും ലൈഫ് 2020 ൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കുമാണ് ടി പ്രോജക്ടിലൂടെ ആനുകൂല്യം നൽകിയത്.

ഫേസ് 2, 3 അഡീഷണൽ ലിസ്റ്റ് .

ഫേസ് 2, 3 എന്നിവയിൽ ജനറൽ, എസ്.സി വിഭാഗങ്ങളിലായി 96 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നു. ആയതിൽ 89 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കി. ചുവടെ ചേർത്തിരിക്കുന്ന 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | ഉഷ കുഞ്ഞ് കുഞ്ഞ് തോട്ടുചിറയിൽ വാർഡ് 9 | 260000 | ലിന്റൽ |
| 2 | ആൽബിൻ കണ്ടത്തടത്തിൽ വാർഡ് 12 | 360000 | റൂഫ് |
| 3 | ഷൈനി രജി മുല്ലശ്ശേരിൽ വാർഡ് 5 | 360000 | റൂഫ് |
| 4 | ടിന്റു പട്ടക്കേരിൽ വാർഡ് 3 | 300000 | ലിന്റൽ |
| 5 | സിന്ധുബൈജു ഹരിജൻകോളനി വാർഡ് 2 | 300000 | ലിന്റൽ |
| 6 | ജയമോൾ ഷാമിൻ കുടവെച്ചൂർ വാർഡ് 12 | 360000 | റൂഫ് |
| 7 | മഞ്ജുഷ കടവത്തുംതറ വാർഡ് 3 | 40000 | അഡ്വാൻസ് |

ലൈഫ് 2020 ജനറൽ

പുതിയ ലൈഫ് ഭവനപദ്ധതിയിൽ നാളിതുവരെ 45 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിൽ 9 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ലൈഫ് 2020 എസ്.സി.പി

പുതിയ ലൈഫ് ഭവനപദ്ധതിയിൽ നാളിതുവരെ 22 പേർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ഒരാൾ ഭവനനിർമ്മാണം പൂർത്തിയാക്കി. ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിൽ 8 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

1-29 മരുന്ന് വാങ്ങൽ പ്രോജക്ട്- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

2022-23 വർഷം മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പാക്കിയ താഴെ ചേർക്കുന്ന മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്റ്റ് നം/പേര് | ചെലവ്/ ഫണ്ടിനം | ബിൽ നം/ തീയതി | തുക നിക്ഷേപിച്ച സ്ഥാപനം | മരുന്ന് ലഭിച്ചത് | ബാക്കി തുക |
|---|---|---|---|---|---|
| 10/23 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 80/22-23/ 29.10.2022 | ഹോംകോ, ആലപ്പുഴ | 194411 | 105589 |

ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/25.10.23)ഒരു മാസത്തിനകം മരുന്നു ലഭ്യമാക്കുമെന്ന് അറിയിച്ചിരുന്നു. മരുന്നു ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കുന്നതു വരെ 105589 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററനറിസർജൻ |
|---|---|
| പ്രോജക്റ്റ് നം | 146/23 |
| ചെലവ് | 200000/-രൂപ (വികസനഫണ്ട്) |
| ബിൽ നം. | 9/22-23/21.03.23 |

പ്രോജക്ടിൽ ഉൾപ്പെട്ട 16 ഗുണഭോക്താക്കൾക്ക് (4-6 മാസം പ്രായമുള്ള കിടാരികളുള്ള) 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത് . പ്രോജക്ടിന്റെ സബ്സിഡി വിഹിതം (12500 രൂപ വീതം) 200000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-708011400000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.വെച്ചൂർ ക്ഷീരോൽപാദക സഹകരണസംഘം മുഖേനയാണ് (04/23 മുതൽ പ്രോജക്റ്റ് ആരംഭിച്ചു) കാലിത്തീറ്റ വിതരണം നടത്തുന്നത്. പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

1-31 വിവിധ പ്രോജക്റ്റ് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്റ്റ് നമ്പർ, പേര് | അടങ്കൽ, ഫണ്ടിനം | ബിൽ നമ്പർ, തീയതി | ചെലവ് തുക/ യു.സി ലഭിച്ച തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 42/23 ഐ.കെ.എം വിഹിതം നൽകൽ | 64120/- വികസന ഫണ്ട് (ജനറൽ) | 14/24.8.22 | 64120/- യു.സി ലഭിച്ചില്ല. | ഐ.കെ.എം |
| 102/23 എം.സി.എഫ്, അങ്കണവാടി, ടേക്ക് എ | 129000/- റോഡിതര സംരക്ഷണ ഗ്രാന്റ് | 26/7.10.22 | 129000/- (101154/- രൂപയുടെ യു.സി | വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ കടുത്തുരുത്തി. |

| | | | | |
|---|---|---|---|---|
| ബ്രേക്ക്, മറ്റം സബ്സെന്റർ എന്നീ കെട്ടിടങ്ങളിൽ കുടിവെള്ള കണക്ഷൻ | | | ലഭിച്ചു. | |
| 4/23 വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 139511/- വികസന ഫണ്ട് (ജനറൽ) 1101989/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 281/25.3.23 | 1101989/- | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വൈക്കം |
| | | ആകെ | 1295109/- | |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറുപടി ലഭിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 1193955/-രൂപയുടെ (1295109/- – 101154) ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് നമ്പർ 102/23 പ്രകാരം ബാലൻസുള്ള 27846/- രൂപ തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിനു് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17.10.23 ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

2022-23 ൽ സംയുക്ത പ്രോജക്ടിനായി വൈക്കം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയുമായ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | വയോജനങ്ങൾക്ക് ആയുർവേദമരുന്ന് നൽകൽ(149/23) | 100000 | 0 |
| | 2022-23 | 50000 | അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ (109/23) | 50000 | 0 |
| | 2022-23 | 200000 | അനുപൂരക പോഷകഹാരം (8/23) | 200000 | 0 |
| | 2022-23 | 190000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികള്ക്ക് സ്കോളർഷിപ്പും ബത്തയും (51/23) | 190000 | 0 |
| | 2022-23 | 190000 | തരിശുരഹിതഗ്രാമം പദ്ധതി -കട്ടപ്പറം മുര്യങ്കേരി പാടശേഖരത്തേയ്ക്ക് 3ഫേസ് ലൈൻ വലിക്കൽ (156/23) | 190000 | |
| | 2022-23 | 1400000 | ലൈഫ്മിഷൻ പദ്ധതി (പട്ടികജാതി വിഭാഗം (37/23) | 1400000 | |
| | | 200000 | ലൈഫ്മിഷൻ പദ്ധതി (36/23) | 200000 | |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (40/23) | 250000 | |
| | ആകെ | 2580000 | | 2580000 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2022-23 | 60000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (51/23) | 60000 | 0 |
| | 2022-23 | 100000 | അനുപൂരക പോഷകഹാരം (8/23) | 100000 | 0 |
| | 2022-23 | 450591 | ജി20 ഉച്ചകോടി കുമരകം 2023 തെരുവ് വിളക്കുകളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തൽ (163/23) | 450591 | 0 |
| | 2022-23 | 775620 | ലൈഫ്മിഷൻ പദ്ധതി (പട്ടികജാതി വിഭാഗം (37/23) | 775620 | 0 |
| | 2022-23 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (40/23) | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 1686211 | | 1686211 | |

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം.

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് കെഎസ്ഇബി തുടങ്ങിയ സ്ഥാപനങ്ങൾക്ക് 1561986/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തലയാഴം | കട്ടപ്പുറം മുര്യങ്കേരി പാടശേഖരത്തേക്ക് 3 ഫേസ് ലൈൻ നീട്ടൽ (156/23) | 1486/-വികസന ഫണ്ട് (ജനറൽ) 190000/- ബ്ളോക്ക് വിഹിതം | 191486/- | 0 |
| വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ കടുത്തുരുത്തി. | എം.സി.എഫ്, അങ്കണവാടി, ടേക്ക് എ ബ്രേക്ക്, മറ്റം സബ്സെന്റർ എന്നീ കെട്ടിടങ്ങളിൽ കുടിവെള്ള കണക്ഷൻ 102/23 | 129000/- റോഡിതരസംരക്ഷണ ഗ്രാന്റ് | 101154/- | 27846/- |
| അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, വൈക്കം | 4/23 വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 1101989/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 1101989/- |
| ആകെ | | 1422475 | 292640 | 1129835/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2022-23 ൽ മുതലിലേക്ക് തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി(KURDFC) | ജി ഒ(എം.എസ്) | - | 10,354,167 | - | 1742404 | 8611763 |

| | | | | | | |
|---|---|---|---|---|---|---|
| | 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | | | | | |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ തുക ഈടാക്കിയ വിവരം.

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | 34478976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | 27618815 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 137772291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 141330131 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1704444 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 204900 | ശ്രീമതി ആശാ ശ്രീധരൻ, വി ഇ ഒ |
| 1-24 | 200000 | ശ്രീമതി സൂര്യ കെ എസ്, വി ഇ ഒ |
| 1-29 | 105589 | ഡോ. പി.എസ്. ജയ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-31 | 64120 | ശ്രീ. പി.എൻ രജിമോൻ, സെക്രട്ടറി |
| 1-31 | 1101989 | ശ്രീ. പി.എൻ രജിമോൻ, സെക്രട്ടറി |
| 1-31 | 27846 | ശ്രീ. പി.എൻ രജിമോൻ, സെക്രട്ടറി |
| | 1704444 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം പി6/2004(1) /18/09.05.2019 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/2004(3)18 /08.05.2019 | 1 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/2004(8)/18, 09.05.2019 | 1 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി6/2004(6)/18, 30.04.2019 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/2004(7) /18/33(12)/ 18/29.04.2019 | 5 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.22 /1797(2)/22/19.08.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/അദാ.22 /1797(3)/22, 19.08.2022 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/2004(10) /2018/03.05.2019 | 11 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 30.05.2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 28.05.2022 | 5 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി6/140/22, 26.05.2022 | 8 |
| 2019-20 | കെ.എസ്.എ..കെ.ടി.എം-പി-6/1486/21 /16.04.2022 | 8 |
| 2020-21 | കെ.എസ്.എ.കെ.ടി.എം-പി-6/1487/21/06.01.2022 | 21 |
| 2021-22 | കെ.എസ്.എ.കെ.ടി.എം-പി-6/2018/30.06.23 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-06-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vechoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of Vechoor Grama Panchayat for the year 2022-2023

Date: 14/12/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Vechoor Grama Panchayat for the Year 2022-2023

.

**1.Major Observations**

1. Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated
2. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available
3. General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023

**2.Other Observations**

1. Capital Work in Progress accounting and adjustment details and data not provided.
2. Depreciation of 67.10 akhs provided for assets. But calculation sheet not provided

3. Government and other dues register not maintained
4. Prior Period Income and Expenditure are not authorised as notes on account by Secretary

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്